**ശുചിത്വമിഷൻ**
തദ്ദേശസ്വയംഭരണ വകുപ്പ്
**കേരള സർക്കാർ**
തീയതി : 29.08.2026

# പത്രക്കുറിപ്പ്

## ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളിലൂടെ മാലിന്യസംസ്കരണത്തിന് മാതൃകയായി ഓണാഘോഷം

തിരുവനന്തപുരം: ഓണം വാരാഘോഷം ശുചിത്വപൂർണവും പരിസ്ഥിതി സൗഹൃദവുമാക്കുന്നതിനായി ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ഹരിത ഓണം 2026 ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനതലത്തിലും സംസ്ഥാനതല ഓണാഘോഷ വേദിയായ തിരുവനന്തപുരത്തും വിപുലമായ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ നടത്തി. പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഗ്രീൻ പ്രോട്ടോക്കോൾ സബ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും വിവിധ ഓണം വാരാഘോഷ കമ്മിറ്റികൾക്ക് മാർഗരേഖകൾ നൽകുകയും ചെയ്തു. “ഹരിത ഓണം 2026” – എന്ന ബ്രാൻഡിംഗിൽ സംസ്ഥാനവ്യാപക പ്രചാരണ പരിപാടികളും സംഘടിപ്പിച്ചു. മലപ്പുറം ജില്ലയിൽ പാഴ്വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച വേസ്റ്റ് ടു ആർട്ട് പൂക്കളം ശ്രദ്ധേയമായി.

തിരുവനന്തപുരം ജില്ലയിലെ വിവിധ ഓണാഘോഷ വേദികളിൽ തിരുവനന്തപുരം കോർപ്പറേഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഗ്രീൻ വോളണ്ടിയർമാർക്ക് പരിശീലനം നൽകി പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിക്കുന്നതിനായി വിന്യസിച്ചു. ഹരിതകർമ്മ സേനയുടെയും ശുചീകരണ തൊഴിലാളികളുടെയും സേവനം ഉറപ്പാക്കുകയും ജൈവ-അജൈവ മാലിന്യ ശേഖരണത്തിനായി ബിന്നുകൾ സ്ഥാപിക്കുകയും ഫുഡ് ഫെസ്റ്റിവൽ മേഖലയിൽ പുനരുപയോഗിക്കാവുന്ന പാത്രങ്ങൾ ഒരുക്കുകയും ചെയ്തു. ഹരിത ഓണാഘോഷ സന്ദേശം പ്രചരിപ്പിച്ചുകൊണ്ടുള്ള മാവേലി യാത്രയും സംഘടിപ്പിച്ചു.

തലസ്ഥാനത്തെ ഓണാഘോഷ വേദികളിൽ നിന്നും പരിസര പ്രദേശങ്ങളിൽ നിന്നുമായി 2,200 കിലോഗ്രാം അജൈവ മാലിന്യവും 5,200 കിലോഗ്രാം ജൈവ മാലിന്യവും ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിച്ചു. പ്രതിദിനം 50,000ത്തിലധികം പേർ എത്തിയ വേദികളിൽ 500 ടണ്ണിലധികം മാലിന്യം രൂപപ്പെടാൻ സാധ്യതയുണ്ടായിരുന്നെങ്കിലും ഗ്രീൻ പ്രോട്ടോക്കോൾ പാലനത്തിലൂടെ മാലിന്യത്തിന്റെ അളവ് 200 ടണ്ണായി കുറയ്ക്കാൻ സാധിച്ചു.

## ഓണം ഘോഷയാത്രയിൽ ഹരിത ചട്ടങ്ങൾ പാലിക്കാം

നാളെ തിരുവനന്തപുരം നഗരത്തിൽ നടക്കുന്ന ഓണം ഘോഷയാത്രയിൽ പങ്കെടുക്കുന്നവർ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം:

- പ്ലാസ്റ്റിക് ഒഴിവാക്കാം – ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ, കവറുകൾ, ഗ്ലാസുകൾ തുടങ്ങിയവ കൊണ്ടുവരാതിരിക്കുക.
- സ്വന്തം വെള്ളക്കുപ്പി കരുതാം – പുനരുപയോഗിക്കാവുന്ന കുപ്പികൾ ഉപയോഗിക്കുക.
- നഗരത്തിൽ സ്ഥാപിക്കുന്ന വാട്ടർ കിയോസ്ക്കുകൾ ഉപയോഗിക്കുക.
- ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കാം – ഭക്ഷണത്തിനും പാനീയങ്ങൾക്കും പരിസ്ഥിതി സൗഹൃദ വസ്തുക്കൾ തിരഞ്ഞെടുക്കുക.
- മാലിന്യം വലിച്ചെറിയരുത് – ഘോഷയാത്രാ പാതയിലും പൊതുസ്ഥലങ്ങളിലും മാലിന്യം ഉപേക്ഷിക്കാതെ ജൈവ, അജൈവ മാലിന്യങ്ങൾക്കായി ഘോഷയാത്രാ പാതയിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകളിൽ മാത്രം മാലിന്യം നിക്ഷേപിക്കുക.
- നഗരത്തിന്റെ ശുചിത്വം സംരക്ഷിക്കാം – ഘോഷയാത്ര കഴിഞ്ഞാലും പരിസരം വൃത്തിയായി നിലനിർത്തുന്നതിൽ പങ്കാളികളാകുക.
- ഹരിത പ്രോട്ടോക്കോൾ പാലിക്കാൻ കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും പ്രേരിപ്പിക്കുക.

എക്സിക്യൂട്ടീവ് ഡയറക്ടർ